പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 435
29.01.2019 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ

ചോദ്യം :
ശ്രീ.സി.മമ്മൂട്ടി
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.ടി.വി.ഇബ്രാഹിം
(എം.എൽ.എ)

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ്മന്ത്രി)

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സമിതിയെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിൽ ആരെയെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ.സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ.പി.മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 07.11.2018-ലെ സ.ഉ(പി) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പുരോഗമിക്കുന്ന മുറയ്ക്ക് വിവിധ വിഭാഗങ്ങളുമായി ഈ വിഷയം സമഗ്രമായി ചർച്ച ചെയ്ത് 6 മാസത്തിനകം പുന:പരിശോധന സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. |
| ബി | സമിതി സർവ്വീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിയ്ക്കത്തക്ക തരത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | |
| സി | സമിതിയെ നിയോഗിച്ചതിനു ശേഷമോ സമിതിയുടെ റിപ്പോർട്ട് കാലാവധിയ്ക്കുള്ളിലോ ഏതെങ്കിലും സ്ഥാപനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തുകയുണ്ടായോ എന്നും ഇനി ഏതെങ്കിലും സ്ഥാപനങ്ങളിൽ പദ്ധതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; | ഇല്ല. |

| | | |
|---|---|---|
| ഡി | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ട് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച് സർക്കാർ തുടർ നടപടികൾ, സ്വീകരിക്കുന്നതാണ്. |

**അക്കൗണ്ട്സ് ഓഫീസർ**